045813

നമ്പർ. എഇ(2) 698/2018 തീയതി: 07.11.2018

## കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

### ക്വട്ടേഷൻ പരസ്യം

കേരള ഗവർണർക്കുവേണ്ടി ആലപ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ കൈനകരി പഞ്ചായത്തിൽ 1450 ഏക്കറോളം വിസ്തൃതി വരുന്ന ആർ ബ്ലോക്ക് പാടശേഖരത്തിലെ വീടുകളിൽ നിന്നും വെള്ളം വറ്റിക്കുന്നതിനും നിലവിലുള്ള പമ്പ് സെറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും ആർ ബ്ലോക്കിലെ മുരിക്കൻതല ഭാഗം ( 2 എണ്ണം), പുല്ലാത്ത്ശ്ശേരി ഭാഗം ( 1 എണ്ണം) എന്നീ സ്ഥലങ്ങളിൽ 31 ഇഞ്ച് ഉൾവ്യാസമോ അതിൽ കൂടുതലോ ഉള്ള പറ ഉപയോഗിച്ച് പമ്പ് ചെയ്ത് ജലനിരപ്പ് താഴ്ത്തുന്നതിന് വാറ്റ് രജിസ്ട്രേഷൻ ഉള്ള പാർട്ടികളിൽ നിന്നും 8/11/2018 മുതൽ 15/11/2018 ഉച്ചയ്ക്ക് 3 മണി വരെ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം 5000/- രൂപയുടെ നിരതദ്രവ്യം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ആലപ്പുഴയുടെ പേരിൽ ബാങ്ക് ഡപ്പോസിറ്റ് വെയ്ക്കേണ്ടതാണ്.ക്വട്ടേഷൻ ഉള്ളടക്കം ചെയ്തിരിക്കുന്ന കവറിന്റെ പുറത്ത് വാറ്റ് രജിസ്ട്രേഷൻ നമ്പറും പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും രേഖപ്പെടുത്തേണ്ടതാണ്. 15/11/2018 ഉച്ചയക്ക് 3.30 ന് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്. ലേലം ഉണ്ടായിരിക്കുന്നതല്ല.ലഭിച്ച നിരക്ക് വകുപ്പ് തീരുമാനങ്ങൾക്ക് വിധേയമായി അംഗീകരിക്കുന്നതായിരിക്കും. ക്വട്ടേഷനുകൾ അംഗീകരിച്ച് കിട്ടുന്ന ആൾ 3 ദിവസത്തിനുള്ളിൽ 25000/- രൂപയുടെ സെക്യൂരിറ്റി വെയ്ക്കേണ്ടതും കരാറിലേർപ്പെടേണ്ടതുമാണ്. ഓർഡർ തീയതി മുതൽ 5 ദിവസത്തിനകം പമ്പിംഗ് ആരംഭിക്കേണ്ടതാണ്. നിബന്ധനകൾ.

1. പെട്ടി പറ സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ കരാറുകരാൻ തന്നെ ഒരുക്കേണ്ടതാണ്.
2. കരാറിന്റെ പരമാവധി കാലാവധി 6 മാസമാണ്.
3. കരാർ പൂർണ്ണമായും പൂർത്തീകരിക്കുമ്പോൾ ബണ്ടുകൾ പഴയരീതിയിൽ പുനഃസ്ഥാപിക്കേണ്ടതാണ്.
4. പെട്ടി പറ പ്രവർത്തിപ്പിക്കേണ്ടതിനാവശ്യമായ ഇലക്ട്രസിറ്റി ചാർജ്ജ് കരാറുകാരൻ തന്നെ കൊടുക്കേണ്ടതാണ്.

സെക്യൂരിറ്റി വെയ്ക്കുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും വീഴ്ച വരുത്തുന്ന പക്ഷം മറ്റൊരറിയിപ്പ് ഇല്ലാതെതന്നെ നിരതദ്രവ്യം കണ്ടുകെട്ടുന്നതിനും ബദൽ നടപടികൾ സ്വീകരിക്കുന്നതുമാണ്. ക്വട്ടേഷൻ നടപടിക്രമങ്ങളിൽ യുക്തമായി മാറ്റം വരുത്തുന്നതിന് കൃഷി അസി. എക്സി. എൻജിനീയർക്ക് അധികാരമുണ്ട്. നിശ്ചിത നിരതദ്രവ്യമില്ലാത്തതും താമസിച്ച് ലഭിക്കുന്നതുമായി ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിലെ ക്വട്ടേഷനുകൾ സംബന്ധിച്ച് എല്ലാ വ്യവസ്ഥകളും ഇതിലും ബാധകമായിരിക്കും.

15 NOV 2018

ദർഘാസുകൾ നൽകേണ്ട സ്ഥലം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് (കൃഷി) എഞ്ചിനീയറുടെ ഓഫീസ്, സനാതനപുരം പോസ്റ്റ്,കളർകോട്,ആലപ്പുഴ.688 003

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി).

ആലപ്പുഴ.

<u>പകർപ്പ്:-</u>

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ് - നോട്ടീസ് ബോർഡ്
2. കൃഷി ഡയറക്ടർ, ഐ.ടി.സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി),ആലപ്പുഴ
4. പ്രിൻസിപ്പൽ കൃഷി ഓഫീസർ ,ആലപ്പുഴ
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), എറണാകുളം, പത്തനംതിട്ട, കൊല്ലം